പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 311 | 22.08.2017 — ൽ മറുപടിക്ക്

# ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടി വരുന്ന തടസ്സങ്ങൾ കണ്ടെത്തി സഹായിക്കുന്നതിനായി കൺസൾട്ടന്റ്മാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കൺസൾട്ടന്റായി ആരെയാണ് നിയോഗിച്ചതെന്നും അവരെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വെളിപ്പെടുത്തുമോ; | (എ) വേൾഡ് ഫുഡ് പ്രോഗ്രാമുമായി ഒപ്പു വച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിന്റെ അടിസ്ഥാനത്തിൽ 22.09.2015 ലെ. സ.ഉ(സാധാ)നം.319/2015/ഭപൊവിവ നമ്പർ സർക്കാർ ഉത്തരവ് മുഖേന ഡബ്ല്യു.എഫ്.പി. പ്രതിനിധികളെ നിയമിച്ചിട്ടുണ്ട്. ഒരു പ്രോഗ്രാം പോളിസി ഓഫീസർ, ഒരു ഐ.ടി വിദഗ്ധൻ, ഒരു ലോജിസ്റ്റിക്സ് വിദഗ്ധൻ എന്നിവരെയാണ് WFP മുഖേന നിയമിച്ചിട്ടുള്ളത്. |
| (ബി) ഏതൊക്കെ മേഖലകളിലാണ് അവരുടെ സേവനം ലഭ്യമാക്കിയത് എന്നറിയിക്കാമോ; | (ബി) പ്രോഗ്രാം പോളിസി ഓഫീസർ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളിൽ അംഗമാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഉപദേശങ്ങൾ നല്കുക, വിവിധ ഏജൻസികളുമായുള്ള ഏകോപനം സാദ്ധ്യമാക്കുക, **RFP (Request for Proposal), EoI (Expression of Interest),** സർവ്വീസ് ലവൽ എഗ്രിമെന്റുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിൽ സഹായിക്കുക, തുടങ്ങിയ കാര്യങ്ങളും പ്രോഗ്രാം പോളിസി ഓഫീസർ ചെയ്തുവരുന്നു. ഭക്ഷ്യവകുപ്പ്, ഭക്ഷ്യ മന്ത്രാലയം, പ്ലാനിംഗ് ബോർഡ്, യു.ഐ.ഡി.എ.ഐ, **WFP** യുടെ കേന്ദ്ര ഓഫീസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ യഥാസമയമുള്ള നടത്തിപ്പും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിലും ഇദ്ദേഹം സഹായിക്കുന്നു. വിവിധ ഐ.ടി അനുബന്ധ വിഷയങ്ങളിൽ ഉപദേശങ്ങൾ നല്കുന്നതിനാണ് ഐ.ടി വിദഗ്ധനെ നിയമിച്ചിട്ടുള്ളത്. ടെക്നിക്കൽ കമ്മിറ്റികളിൽ ഐ.ടി വിഷയങ്ങളിൽ വകുപ്പിനു |

| | | | |
|---|---|---|---|
| | | | വേണ്ടി പങ്കെടുക്കുക, വകുപ്പിന്റെ ആവശ്യകത ടെക്നിക്കൽ ഡോക്യുമെന്റായി മാറ്റി ടെക്നിക്കൽ ഏജൻസികൾക്കു കൈമാറുക, എൻ.ഐ.സി/മറ്റ് ഏജൻസികൾ മുഖാന്തിരം തയ്യാറാക്കുന്ന വിവിധ ആപ്ലിക്കേഷനുകളുടെ പരിശോധന, വിവിധ ഐ.ടി അനുബന്ധ ഉപകരണങ്ങളുടെ പർച്ചേസിനായി ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കുക, സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് ലൈഫ് സൈക്കിൾ, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് ലൈഫ് സൈക്കിൾ തുടങ്ങിയവ റിവ്യൂ ചെയ്യുക തുടങ്ങിയ ടെക്നിക്കൽ മേഖലകളിൽ ഇദ്ദേഹത്തിന്റെ സേവനം തേടി വരുന്നു. സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡോർ സ്റ്റെപ്പ് ഡെലിവറി എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിന് ലോജിസ്റ്റിക്സ് വിദഗ്ധന്റെ സേവനം തേടി വരുന്നു. ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് അനാലിസിസ്, ഫിനാൻഷ്യൽ ഫീസിബിലിറ്റി സ്റ്റഡി, വിവിധ ലോജിസ്റ്റിക്സ് മാതൃകകളുടെ പരിശോധന തുടങ്ങിയവയും ഇദ്ദേഹം ചെയ്തു വരുന്നു. ട്രാൻസ്പോർട്ടർമാരുടെ തെരഞ്ഞെടുപ്പ്, വെയിംഗ് മെഷീൻ പർച്ചേസ്, ജി.പി.എസ് ഉപകരണങ്ങളുടെ സ്ഥാപനം എന്നിവക്കായി ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കുന്നതിനും ലോജിസ്റ്റിക്സ് വിദഗ്ധന്റെ സേവനം ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതിലേക്കായി കൺസൾട്ടന്റ്മാർക്ക് ഇതിനകം എന്ത് തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | പ്രോഗ്രാം പോളിസി ഓഫീസറുടെ സേവനം സൗജന്യമായാണ് ലഭ്യമാക്കുന്നത്. ഐ.ടി വിദഗ്ധനു വേണ്ടി 21,32,289/- രൂപയും ലോജിസ്റ്റിക്സ് വിദഗ്ധനു വേണ്ടി 37,61,417/- രൂപയും നാളിതുവരെ **WFP**ക്ക് കൈമാറിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*